**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 892** **11-02-2025 - ൽ മറുപടിയ്ക്ക്**

**ക്ഷേമ, വികസന പദ്ധതികൾ പരിഷ്കരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. യു. ആർ. പ്രദീപ്,<br>ശ്രീ. പി.പി. സുമോദ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ വകുപ്പുകളുടെ ക്ഷേമ, വികസന പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് പഠനം നടത്താൻ കമ്മിറ്റിയെ നിയോഗിക്കുമോ; വിശദമാക്കുമോ; | (എ) | പട്ടിക വർഗ്ഗ പിന്നാക്ക വിഭാഗ വികസന ക്ഷേമ വകുപ്പുകളുടെ ക്ഷേമ, വികസന പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br><br>**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br><br>പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ സംസ്ഥാനത്തുടനീളം പട്ടിക വർഗക്കാർ അധിവസിക്കുന്ന സ്ഥലങ്ങളിൽ നടപ്പിലാക്കി വരുന്നു. നിലവിൽ പട്ടികവർഗ്ഗക്കാരുടെ ക്ഷേമ, വികസന പദ്ധതികൾ എല്ലാ വർഷവും തയ്യാറാക്കുന്നത് സർക്കാർ കാലാ കാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ, കൺട്രോളിങ് ഓഫീസർമാർ എന്നിവരുമായി ചർച്ച ചെയ്തും വകുപ്പ് സംഘടിപ്പിക്കുന്ന ശില്പശാലകളിലും സെമിനാറുകളിലും ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ കണക്കിലെടുത്തുമാണ് . കൂടാതെ വകുപ്പിലെ എഞ്ചിനീയർമാരുടെയും ആരോഗ്യ മേഖലയിലെ വിദഗ്ദരുടെയും നിർദ്ദേശങ്ങൾ കൂടി പദ്ധതികൾ തയ്യാറാക്കുമ്പോൾ സ്വീകരിക്കാറുണ്ട്. പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസന ക്ഷേമ വകുപ്പുകളുടെ ക്ഷേമ, വികസന പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുന്നത് സംബന്ധിച്ച് പഠനം നടത്താൻ കമ്മിറ്റിയെ നിയോഗിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.<br><br>**<u>പട്ടികജാതി വികസന വകുപ്പ്</u>**<br><br>പട്ടികജാതി വികസന വകുപ്പിന്റെ ക്ഷേമ വികസന പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾക്കായി സമർപ്പിക്കുന്ന |

അപേക്ഷകളോടൊപ്പം വളരെ അനിവാര്യമായ സർട്ടിഫിക്കറ്റുകൾ മാത്രം ഉൾപ്പെടുത്തി സേവനം സാധ്യമാക്കുന്നതിനായി 24-05-2023 ലെ സ.ഉ. (സാധാ) നം. 632/2023/SCSTDD പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ ഉത്തരവുകളും മാനദണ്ഡങ്ങളും പരിഷ്കരിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് അഡീഷണൽ ഡയറക്ടർ കൺവീനറായി 13 അംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

ഭൂരഹിത പുനരധിവാസ പദ്ധതി, ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബത്തിനുള്ള ധനസഹായം, വിവാഹ ധനസഹായം, അംബേദ്കർ ഗ്രാമ പദ്ധതി, ഭവന നവീകരണ പദ്ധതി, പഠനമുറി തുടങ്ങിയ പദ്ധതികളിൽ ആവശ്യമായ പരിഷ്കരണം വരുത്തിയിട്ടുണ്ട്.

<u>**പിന്നാക്ക വിഭാഗ വികസന വകുപ്പ്**</u>

സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന വികസന, ക്ഷേമ പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

വകുപ്പിന്റെ വിദ്യാഭ്യാസപരമായ ആനുകൂല്യങ്ങളെല്ലാം ഓൺലൈനായിട്ടാണ് നടപ്പിലാക്കുന്നത്. മാന്വൽ ആയി നടപ്പിലാക്കി വന്നിരുന്ന വിവിധ വികസന പദ്ധതികൾ കൂടി ഈ വർഷം മുതൽ ബി-വിൻ എന്ന പോർട്ടലിലൂടെ നടപ്പാക്കാൻ തുടങ്ങിയതോടെ മുഴുവൻ സ്കീമുകളും ഓൺലൈൻ രീതിയിലേക്ക് മാറിയിട്ടുണ്ട്.

പിന്നാക്ക വിഭാഗത്തിലെ ബാർബർ തൊഴിൽ ചെയ്യുന്നവർക്ക് തൊഴിൽ നവീകരിക്കുന്നതിന് നൽകുന്ന ധനസഹായം (ബാർബർഷോപ്പ് നവീകരണ ധനസഹായം), പരമ്പരാഗതമായി മൺപാത്ര നിർമ്മാണ തൊഴിൽ ചെയ്തുവരുന്ന സമുദായങ്ങൾക്കുള്ള ധനസഹായം, പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗത കരകൗശല വിദഗ്ധർ/കൈപണിക്കാർ അവിദഗ്ധതൊഴിലാ കൾ എന്നിവർക്ക് ആധുനിക തൊഴിൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം (ടൂൾ കിറ്റ് ഗ്രാന്റ്), നീതിന്യായ വ്യവസ്ഥയിൽ പിന്നാക്ക വിഭാഗങ്ങളുടെ മതിയായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് ഈ വിഭാഗത്തിലെ നിയമ ബിരുധധാരികൾക്ക് നൽകുന്ന ധനസഹായം, പൊതു സ്വകാര്യപങ്കാളിത്തത്തോടെ ആട്ടോമൊബൈൽ/ ഹോട്ടൽ മാനേജ്മെന്റ് / ലോജിസ്റ്റിക്/പോളിമർ ടെക്നോളജി എന്നീ മേഖലയിൽ ഡിഗ്രി/ഡിപ്ലോമ/ഐ ടി ഐ/ഐ ടി സി

| | | | |
|---|---|---|---|
| | | | കോഴ്സ് പൂർത്തിയാക്കിയവർക്ക് പരിശീലനവും തൊഴിലും ഉറപ്പാക്കുന്നതിനുള്ള പദ്ധതി എന്നീ 5 പദ്ധതികളിലാണ് പുതിയ സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി നടപ്പ് വർഷം അപേക്ഷ ക്ഷണിച്ചിരിക്കുന്നത്.<br><br>ഒ.ബി.സി വിഭാഗത്തിൽപ്പെട്ട വിധവകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി, തെരുവു കച്ചവടക്കാർക്ക് മൊബൈൽ സ്ട്രീറ്റ് വെന്റിംഗ് കാർട്ട്, എഞ്ചിനീയറിംഗ് പ്രൊഫഷണലുകൾക്കുള്ള സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ - എന്നീ 3 പുതിയ പദ്ധതികൾക്കു കൂടി 2024-25 സാമ്പത്തിക വർഷം അനുമതി ലഭിച്ചിട്ടുണ്ട്.<br><br>2023-24 മുതൽ നടപ്പിലാക്കി വരുന്ന ഇലക്ട്രിക് / സിഎൻജി ഓട്ടോ ടാക്സി വാങ്ങുന്നതിനുള്ള സഹായ പദ്ധതിയിൽ 2024-25 വർഷം മുതൽ പുതിയ ഘടകമായി പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാർക്ക് ത്രീ വീലർ യൂട്ടിലിറ്റി സ്കൂട്ടറുകൾ വാങ്ങുന്നതിനുള്ള സഹായം കൂട്ടിച്ചേർത്ത് പരിഷ്കരിക്കുകയുണ്ടായി. |
| (ബി) | എല്ലാ ഉന്നതി/നഗറുകളിലും അടച്ചുറപ്പുള്ള വീട്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ സൗകര്യങ്ങൾ എത്തിക്കുന്നതിന് ലക്ഷ്യമിടുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ? | (ബി) | <u>**പട്ടികവർഗ്ഗ വികസന വകുപ്പ്**</u><br><br>പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം ലൈഫ് മിഷൻ മുഖേനയാണ് നൽകിവരുന്നത്. കൂടാതെ ഭവന പൂർത്തീകരണം, പുനഃരുദ്ധാരണം എന്നിവ ലക്ഷ്യമിട്ട് സേഫ് പദ്ധതിയും നടപ്പിലാക്കി വരുന്നു.<br><br>കുടിവെള്ളം, വൈദ്യുതി തുടങ്ങിയ സൗകര്യങ്ങൾ ഏർപെടുത്തുന്നതിനായി പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് വരുന്നു .<br><br><u>**പട്ടികജാതി വികസന വകുപ്പ്**</u><br><br>1. SAFEപദ്ധതി വഴി ഭാഗികമായി നിർമ്മിച്ച ഭവനങ്ങളുടെ പൂർത്തീകരണവും ജീർണ്ണിച്ച ഭവനങ്ങളുടെ നവീകരണവും നടത്തുന്നു.<br><br>2. പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങൾക്കുള്ള വികസന പരിപാടികൾ മുഖേന ആവാസകേന്ദ്രങ്ങളുടെ വികസനവും വീടുകൾ നിർമ്മിക്കുന്നതിനുള്ള സഹായവും നൽകുന്നു. ലൈഫ് മിഷൻ വഴി ഭൂമിയുള്ളവർക്ക് പുതിയ വീടുകൾ നിർമ്മിക്കുന്നതിനും ഭൂമിയില്ലാത്ത ഭവനരഹിതർക്ക് ഭവന സമുച്ചയങ്ങളോ പാർപ്പിട ക്ലസ്റ്ററുകളോ നിർമ്മിച്ച നൽകുന്നു. |

| | | | |
|---|---|---|---|
| | | | 3. അംബേദ്കർ ഗ്രാമ വികസന പദ്ധതി വഴി കുടിവെള്ള വിതരണം, വീട് നവീകരണം, വൈദ്യുതീകരണവും വീടുകളുടെ റീ-വയറിങ്ങും നടത്തുന്നു.<br><br>4. കോർപ്പസ് ഫണ്ട് മുഖേന എല്ലാ ഉന്നതി/ നഗറുകളിലും കുടിവെള്ളം, വൈദ്യുതി തുടങ്ങിയ സൗകര്യങ്ങൾ എത്തിക്കുന്നതിന് ലക്ഷ്യമിടുന്നു.<br><br>**പിന്നാക്ക വിഭാഗ വികസന വകുപ്പ്**<br><br>പിന്നാക്ക വിഭാഗങ്ങളിലെ ദുർബല വിഭാഗങ്ങളായ പരമ്പരാഗത കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾ തിങ്ങി പാർക്കുന്ന പ്രദേശങ്ങളുടെ സമഗ്ര പുരോഗതിയ്ക്ക് കുംഭാര നഗർ അടിസ്ഥാന സൗകര്യ വികസനം എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. നഗർ/ സങ്കേതത്തിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് പദ്ധതി പ്രധാനമായും ഊന്നൽ നൽകുന്നത്. പൊതുവായ വർക്ക് ഷെഡ്, പൊതുവായ മണ്ണരക്കുന്ന യന്ത്രം, പൊതു ചൂള, പൊതു മാർക്കറ്റ്, മൊബൈൽ വിപണന യൂണിറ്റ്, മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമുള്ള സൗകര്യം, കമ്മ്യൂണിറ്റി ഹാൾ, ഗ്രന്ഥശാല. സങ്കേതത്തിലേക്കുള്ള റോഡ്, നടപ്പാത, മണ്ണ് സംരക്ഷണം, കുടിവെള്ള സാകര്യങ്ങൾ, വൈദ്യുതി എന്നിവക്കാണ് തുക അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ